# ലേബർ കമ്മീഷണറുടെ നടപടിക്രമം
(സാന്നിദ്ധ്യം: സി.വി.സജൻ ഐ.എ.എസ്)

വിഷയം: തൊഴിൽ വകുപ്പ് – സ്ഥാപനകാര്യം – അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്.1/പ്ലാന്റേഷൻസ് ഇൻസ്പെക്ടർ തസ്തികയിൽ സ്ഥലംമാറ്റവും സ്ഥാനക്കയറ്റവും നൽകി ഉത്തരവാകുന്നു.

വായന:
1. 18/02/2019 ലെ ഈ കാര്യാലയത്തിലെ ഇ1/3932/2018 നമ്പർ ഉത്തരവ്
2. 04/05/2018 തീയതിയിലെ ഡി3/152/2018/തൊഴിൽ നമ്പർ സെലക്ട് ലിസ്റ്റ്
3. 28/11/2013 ലെ ജി.ഒ.പി.നം. 580/2013/ഫിൻ.
4. 16/02/2019 ലെ ഈ കാര്യാലയത്തിലെ ഇ4/2044/2019 നമ്പർ ഉത്തരവ്
5. 01/02/2019 തീയതിയിലെ കാസർഗോഡ് അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്.1 ശ്രീ.സനൽ.എ.സലാമിന്റെ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ.
6. 28/02/2019 തീയതിയിലെ എറണാകുളം ജില്ലാ ലേബർ ഓഫീസറുടെ ഇ–9551/2018–ാം നമ്പർ കത്ത്.
7. 28/01/2019 തീയതിയിലെ കോട്ടയം ജില്ലാ ലേബർ ഓഫീസറുടെ എ 185/2019 നമ്പർ കത്ത്.
8. 19/02/2019 ലെ ഈ കാര്യാലയത്തിലെ ഇ3/2784/2019 നമ്പർ ഉത്തരവ്
9. 1958 ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 28(ബി)

**ഉത്തരവ് നമ്പർ ഇ(4) 1236/2018** **തിരുവനന്തപുരം, തീയതി.01.03.2019**

ആലപ്പുഴ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്.1 ശ്രീജി.ബേബിയ്ക്കും മൂന്നാർ പ്ലാന്റേഷൻസ് ഇൻസ്പെക്ടർ ശ്രീ. കെ.എം.സുനിലിനും വായന(1) പ്രകാരം ഡെപ്യൂട്ടി ലേബർ ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയതു വഴി അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്.1 /പ്ലാന്റേഷൻസ് ഇൻസ്പെക്ടർ തസ്തികയിൽ 2 ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. കൂടാതെ കൊല്ലം അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്.1 ശ്രീ.എം.ലാൽകുമാർ വിരമിക്കലിനു മുന്നോടിയായി അവധിയിൽ പ്രവേശിച്ചതുവഴിയും എറണാകുളം അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്.1 ശ്രീമതി.എം.ജയശ്രീ മാതൃത്വ അവധിയിൽ പ്രവേശിച്ചതുവഴിയുമുണ്ടായ 2 ഒഴിവുകളും ചേർത്ത് വകുപ്പിൽ ആകെ 4 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

മേൽ ഒഴിവിലേക്ക് വായന(5,7)പ്രകാരമുള്ള അപേക്ഷകളും വായന(6) പ്രകാരമുള്ള ശുപാർശയും പരിഗണിച്ച് അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്.1/പ്ലാന്റേഷൻസ് ഇൻസ്പെക്ടർ തസ്തികയിൽ ചുവടെ ചേർക്കും പ്രകാരം സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| സ്ഥലംമാറ്റം | | | |
|---|---|---|---|
| ക്രമ നമ്പർ | പേര്,തസ്തിക, നിലവിലെ ഓഫീസ് | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന ഓഫീസ് | റിമാർക്സ് |
| 1 | ശ്രീ.ബിജു.എ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്.1, കോട്ടയം | അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്–1 കൊല്ലം | കൊല്ലം അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്.1 ശ്രീ.എം.ലാൽകുമാർ വിരമിക്കലിനു മുന്നോടിയായുള്ള അവധിയിൽ പ്രവേശിച്ചതുവഴിയുണ്ടായ ഒഴിവിലേക്ക് അപേക്ഷ പ്രകാരം സ്ഥലംമാറ്റി നിയമിക്കുന്നു. |

| | | | |
|---|---|---|---|
| 2 | ശ്രീ. സനൽ.എ.സലാം<br>അസിസ്റ്റന്റ് ലേബർ<br>ഓഫീസർ ഗ്രേഡ്.1,<br>കാസർഗോഡ് | അസിസ്റ്റന്റ് ലേബർ<br>ഓഫീസർ ഗ്രേഡ്-1<br>ആലപ്പുഴ | ആലപ്പുഴ<br>അസിസ്റ്റന്റ് ലേബർ<br>ഓഫീസർ ഗ്രേഡ്-1<br>ശ്രീ.ജി.ബേബിയ്ക്ക് ഡെപ്യൂട്ടി<br>ലേബർ ഓഫീസറായി<br>സ്ഥാനക്കയറ്റം അനുവദിച്ച<br>ഒഴിവിലേക്ക് സ്ഥലംമാറ്റി<br>നിയമിക്കുന്നു. |

മേൽപ്പറഞ്ഞ സ്ഥലംമാറ്റം അനുവദിച്ചതുവഴി ഉണ്ടായ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്.1 /പ്ലാന്റേഷൻസ് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകളിൽ വായന(1)ന്റെ അടിസ്ഥാനത്തിൽ 1958 ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 28(ബി) പ്രകാരം 35700-75600 രൂപ ശമ്പളസ്കെയിലിൽ, വായന(2) പ്രകാരമുള്ള സെലക്ട് ലിസ്റ്റിലെ ക്രമനമ്പർ 16 ശ്രീ.ജി.പത്മഗിരീഷിന് വായന(8) ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റുചെയ്തതിനാൽ, ടിയാനെ ഒഴിവാക്കി തൊട്ടടുത്ത സീനിയറായ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II മാർക്ക് അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്.1/പ്ലാന്റേഷൻസ് ഇൻസ്പെക്ടർ തസ്തികയിൽ ചുവടെ ചേർക്കും പ്രകാരം സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

| സ്ഥാനക്കയറ്റം | | | |
|---|---|---|---|
| ക്രമ നം | പേര്,തസ്തിക,<br>നിലവിലെ ഓഫീസ് | സ്ഥാനകയറ്റം നൽകി<br>നിയമിക്കുന്ന<br>ഓഫീസ് | റിമാർക്സ് |
| 1 | ശ്രീ.ദീപു ഫിലിപ്പ്<br>അസിസ്റ്റന്റ് ലേബർ ഓഫീസർ<br>ഗ്രേഡ്-II, മങ്കൊമ്പ്.<br>(നിലവിൽ ഫെലോ ലേബർ<br>കിലെ ആയി അന്യത്ര<br>സേവനത്തിൽ) | ജില്ലാ ലേബർ<br>ഓഫീസ്, കോട്ടയം | കോട്ടയം അസിസ്റ്റന്റ് ലേബർ<br>ഓഫീസർ ഗ്രേഡ്.1 ശ്രീ.ബിജുവിന്<br>സ്ഥലംമാറ്റം അനുവദിച്ച<br>ഒഴിവിലേക്ക് സ്ഥാനക്കയറ്റം<br>നൽകി നിയമിച്ചശേഷം<br>അന്യത്രസേവനത്തിൽ തുടരാൻ<br>അനുവദിക്കുന്നു. |
| 2 | ശ്രീ. സുരാജ്. എസ്.<br>അസിസ്റ്റന്റ് ലേബർ ഓഫീസർ<br>ഗ്രേഡ്-II, കോട്ടയം ഒന്നാം<br>സർക്കിൾ | ജില്ലാ ലേബർ<br>ഓഫീസ്<br>കോട്ടയം | ദീപു ഫിലിപ്പിനെ<br>അന്യത്രസേവനത്തിൽ തുടരാൻ<br>അനുവദിച്ച ഒഴിവിലേക്ക്<br>സ്ഥാനക്കയറ്റം നൽകി<br>നിയമിക്കുന്നു. |
| 3 | ശ്രീമതി.ചിത്രാരാജൻ<br>അസിസ്റ്റന്റ് ലേബർ ഓഫീസർ<br>ഗ്രേഡ്-II, എറണാകുളം<br>രണ്ടാം സർക്കിൾ | ജില്ലാ ലേബർ<br>ഓഫീസ്<br>എറണാകുളം | എറണാകുളം അസിസ്റ്റന്റ് ലേബർ<br>ഓഫീസർ ഗ്രേഡ്.1<br>ശ്രീമതി.എം.ജയശ്രീ മാതൃത്വ<br>അവധിയിൽ പ്രവേശിച്ചതു<br>വഴിയുള്ള ഒഴിവിലേക്ക് (അവധി<br>കഴിഞ്ഞ് തിരിച്ചെത്തുമ്പോൾ ഇതേ<br>സ്ഥലത്ത് തന്നെ നിയമനം<br>നൽകാമെന്ന വ്യവസ്ഥയിൽ)<br>സ്ഥാനക്കയറ്റം നൽകി<br>നിയമിക്കുന്നു. |
| 4 | ശ്രീ.സുചിത്ത് ലാൽ കെ.എസ്,<br>അസിസ്റ്റന്റ് ലേബർ ഓഫീസർ<br>ഗ്രേഡ്-II, പുനലൂർ | ജില്ലാ ലേബർ<br>ഓഫീസ്<br>കാസർഗോഡ് | ശ്രീ.സനൽ.എ.സലാമിന് ആലപ്പുഴ<br>അസിസ്റ്റന്റ് ലേബർ ഓഫീസർ<br>ഗ്രേഡ്.1 തസ്തികയിലേക്ക്<br>സ്ഥലംമാറ്റം<br>അനുവദിച്ചതുവഴിയുണ്ടായ<br>ഒഴിവിലേക്ക് സ്ഥാനക്കയറ്റം<br>നൽകി നിയമിക്കുന്നു. |

ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ആവശ്യമായ ചുമതലാക്രമീകരണം നടത്തി വിവരം റിപ്പോർട്ട് ചെയ്യേതാണ്.

**(ഒപ്പ്)**
**ലേബർ കമ്മീഷണർ**

ബന്ധപ്പെട്ട ജീവനക്കാർക്ക് (വെബ്സൈറ്റ്/ഇ-മെയിൽമുഖാന്തിരം)

***പകർപ്പ്:***

1) അക്കൗണ്ടന്റ് ജനറൽ (കേരള), തിരുവനന്തപുരം
2) ലേബർ കമ്മീഷണറുടെ പി.എ
3) അഡീഷണൽ ലേബർ കമ്മീഷണർ(ഇ, ഐ.ആർ, ഡബ്യൂ)
3) ജോയിന്റ് ലേബർ കമ്മീഷണർ (പി.)
4) ഡെപ്യൂട്ടി ലേബർ കമ്മീഷണർ (ആസ്ഥാനം)
5) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
6)ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, കോട്ടയം
6) റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ,കൊല്ലം,എറണാകുളം, കോഴിക്കോട്,
7) ജില്ലാ ലേബർ ഓഫീസർ, കോട്ടയം/എറണാകുളം/കാസർഗോഡ്/കൊല്ലം
8) അസിസ്റ്റന്റ് ലേബർ ഓഫീസർ,മങ്കൊമ്പ്/എറണാകുളം രണ്ടാം സർക്കിൾ, കോട്ടയം ഒന്നാം സർക്കിൾ, പുനലൂർ.
9) ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, മൂന്നാർ
10)എക്സിക്യുട്ടീവ് ഡയറക്ടർ, കിലെ
11) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
12) സീനിയർ സൂപ്രണ്ട് (ഇ)
13) വെബ്സൈറ്റ്/ഫയൽ/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

Rajan

**ജൂനിയർസൂപ്രണ്ട് (ഇ)**